കാലാവധി അവസാനിക്കുകയും തുടർന്ന് കരാറുകാരൻ ശേഷിച്ച പണികൾ ചെയ്യുന്നതിൽനിന്നും തന്നെ ഒഴിവാക്കുകയോ അല്ലെങ്കിൽ പുതുക്കിയ ഷെഡ്യൂൾ പ്രകാരമുള്ള നിരക്കിൽ 27.52% ടെണ്ടർ അധികത്തോടെ പണി ചെയ്യുവാനായി അനുമതി നൽകുകയോ വേണമെന്നാവശ്യപ്പെട്ടു. ഇക്കാര്യം പരിശോധിച്ച് ശേഷിച്ച പണികൾ 1982 ഷെഡ്യൂൾ നിരക്കിൽ എസ്റ്റിമേറ്റ് തുകയുടെ 27.52% അധികത്തിൽ അതേ കരാറുകാരനെ ഏൽപ്പിക്കാൻ ഗവൺമെൻറ് 29–6–1983–ൽ ഉത്തരവ് പുറപ്പെടുവിച്ചു. പണി പൂർത്തിയാക്കുന്നതിന് 31–3–1987 വരെ കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. ഈ കാരണങ്ങളാലാണ് പണി നീണ്ടുപോകാൻ ഇടയായത്.

കിള്ളിപ്പാലം–കരമനപ്പാലം റോഡ്

112 [124] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സിറ്റിയിൽ എൻ.എച്ച്. 47–ൻെറ ഭാഗമായ കിള്ളിപ്പാലം മുതൽ കരമനപ്പാലം വരെയുള്ള റോഡ് വീതി കുറഞ്ഞതും പതിനായിരക്കണക്കിന് വാഹനങ്ങൾ ദിവസവും കടന്നുപോകുന്നതുമാണെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റോഡ് തീരെ വീതികുറവായതുകാരണം ട്രാഫിക് തടസ്സങ്ങൾ നിരന്തരം ഉണ്ടാകുന്നു എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഭാഗത്തെ റോഡ് വീതികൂട്ടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ:

(ഡി) ഉണ്ടെങ്കിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

ഉത്തരം

(എ, ബി) ഉണ്ട്

(സി) റോഡ് വീതികൂട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

(ഡി) നാറ്റ്പാക് തയ്യാറാക്കിയ രൂപരേഖയുടെ അടിസ്ഥാനത്തിൽ 46.82 ലക്ഷംരൂപ ഉദ്ദേശം അടങ്കൽ തുകയുടെ ഒരു എസ്റ്റിമേറ്റ് നാഷണൽ ഹൈവേചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി ഗവൺമെൻറിന് സമർപ്പിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റ് ഇപ്പോൾ ഗവൺമെൻറിൻെറ പരിശോധനയിലാണ്.

നേമം നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡുകൾ

113 [125] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിലെ എം.എൽ.എ. റോഡിൻെറ പണി ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നേമം നിയോജകമണ്ഡലത്തിലെ ഒരു എം.എൽ.എ. റോഡായ വിളവൂർക്കൽ—പിടാരം റോഡ് ഡിപ്പാർട്ടുമെന്റ് ഏറെറടുത്തു കഴിഞ്ഞിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. രണ്ടാമത്തെ റോഡായ കുന്നംപാറ—മച്ചയിൽ റോഡ് (Branches in Manappuram) രണ്ടു വ്യത്യസ്ത റോഡുകളായ കുന്നംപാറ—മച്ചയിൽ റോഡും മലയിൻകീഴ്—മച്ചയിൽ (മണപ്പുറം) റോഡും ചേർന്നതാണ്. ഇതിൽ ഏത് റോഡാണ് എം.എൽ.എ. റോഡായി പരഗണിക്കേണ്ടതെന്ന കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പറുടെ മറുപടി ചീഫ് എഞ്ചിനീയർക്ക് ഇനിയും ലഭിച്ചിട്ടില്ല. മറുപടി ലഭിച്ചശേഷമേ അനന്തരനടപടികൈം സ്വീകരിക്കാൻ കഴിയൂ.

എം.എൽ.എ. റോഡുകൈംക്കുവേണ്ടി ഓരോ ജില്ലയിലും ചെലവഴിച്ച തുക

114 [127] ശ്രീ: എൻ. ശകുന്തൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൈംക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എം.എൽ.എ. റോഡുകൈംക്കുവേണ്ടി ഇതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്;

(ബി) ഓരോ ജില്ലയിലും ചെലവഴിച്ച രൂപ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31—3—1986 വരെ 3,59,24,436 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഓരോ ജില്ലയിലും ചെലവഴിച്ച തുകയുടെ വിവരം താഴെ കൊടുക്കുന്നു.

തിരുവനന്തപുരം	4,84,043
കൊല്ലം	12,62,602
പത്തനംതിട്ട	8,80,724
ആലപ്പുഴ	12,98,424
കോട്ടയം	9,80,196
എറണാകുളം	19,81,972
ഇടുക്കി	7,30,709
തൃശൂർ	16,97,619
പാലക്കാട്	16,45,908
മലപ്പുറം	1,52,78,274
കോഴിക്കോട്	39,43,102
വയനാട്	32,50,500
കണ്ണൂർ	20,09,478
കാസർകോഡ്	4,80,885
ആകെ	3,59,24,436

LIBRARY ARCHIVES Kerala Legislative Assembly